exam WiNNER®

A

812

സമഗ്ര ശിക്ഷാ, കേരളം

# വാർഷിക മൂല്യനിർണയം 2019– 2020

## മലയാളം

## അടിസ്ഥാനപാഠാവലി

സ്റ്റാൻഡേർഡ് : VIII

സമയം :1 1/2 മണിക്കൂർ

ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- പതിനഞ്ചുമിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**ഒന്നുമുതൽ അഞ്ചുവരെ ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക.**

(4x1=4)

1. പ്രിയ എ.എസിന്റെ മഴയനുഭവങ്ങളിൽ ഉൾപ്പെടാത്തത് ഏത്?
   - മഴ ബന്ധുവാകുന്നത്
   - അതിഭയങ്കരമായി മഴയോട് പിണങ്ങിയത്
   - മഴ ഉയിരിലേക്കു വീഴുന്നത്
   - മഴ വൈരൂപ്യത്തിന്റെ കാഴ്ചയായത്

2. "കുഴിയാനയി,ലാടിൽ,
   അണ്ഡകോടിയിൽ സ്നേഹ-
   പ്പൊരുൾ തേടിന കൈയാൽ"

   അടിവരയിട്ട പദം സൂചിപ്പിക്കുന്ന ബഷീർകൃതി ഏത്?
   - പാത്തുമ്മായുടെ ആട്
   - മാന്ത്രികപ്പൂച്ച
   - ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!
   - ഭൂമിയുടെ അവകാശികൾ

3. "ഒരു മൽസരബുദ്ധിയോടെ ഞാൻ ആരുടെയും വേഷഭൂഷാദികളെ നോക്കിയിട്ടില്ല." (കുപ്പായം)

   ഈ പ്രസ്താവനയിൽ തെളിയുന്നത് എന്ത്?
   - മറ്റുള്ളവരുടെ നല്ല വസ്ത്രത്തോടുള്ള അസൂയ.
   - നല്ല വസ്ത്രങ്ങൾ ധരിക്കണമെന്ന വാശി.
   - വസ്ത്രങ്ങൾ ധരിക്കുന്നതിലുള്ള മൽസരബുദ്ധി.
   - വസ്ത്രങ്ങളുടെ മോടിക്ക് പ്രാധാന്യം കൊടുക്കാത്ത മനസ്സ്.



exam WiNNER®

4. 'സ്നേഹപ്പൊരുൾ' എന്ന പദത്തിന്റെ വിഗ്രഹരൂപം ഏത്?

- സ്നേഹത്തിന്റെ പൊരുൾ
- സ്നേഹത്തോടുകൂടിയ പൊരുൾ
- സ്നേഹവും പൊരുളും
- സ്നേഹത്താലുള്ള പൊരുൾ

5. "മറക്കുവാൻ പറയാൻ എന്തെളുപ്പം - മണ്ണിൽ
പിറക്കാതിരിക്കലാണതിലെളുപ്പം". (പി. ഭാസ്കരൻ)

വരികളിലെ ആശയവുമായി യോജിക്കുന്നത് ഏത്?

- മറവി ഒരു അനുഗ്രഹമാണ്.
- മറവി മനുഷ്യസ്വഭാവമാണ്.
- എല്ലാം മറക്കാൻ മനുഷ്യന് കഴിയില്ല.
- മറക്കാൻ വളരെ എളുപ്പമാണ്.

**ആറുമുതൽ പത്തുവരെ ചോദ്യങ്ങളിൽ നാലെണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

(4x2=8)

6. അർഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കി എഴുതുക.

നല്ലവണ്ണം പഠിക്കുന്ന കുട്ടിയാണെന്ന് അമ്മ എന്നേപ്പറ്റി പറഞ്ഞതുകൊണ്ടാവാം, സന്ധ്യയായാൽ രാമൻകുട്ടിനായർ എന്നെക്കൊണ്ട് രാമായണം വായിപ്പിക്കും.

7. "പുതിയ ഷർട്ടിട്ടപ്പോൾ എനിക്ക് പരിഭ്രമമൊന്നും തോന്നിയില്ല." (കുപ്പായം)

'പരിഭ്രമം തോന്നിയില്ല' എന്ന് പ്രത്യേകം സൂചിപ്പിച്ചത് എന്തുകൊണ്ട്?

8. "രണ്ടു മഴവില്ലുകൾക്കുടമസ്ഥയായി ഞാൻ." (നനയാത്ത മഴ)

എഴുത്തുകാരിയുടെ ഈ അനുഭവത്തിന്റെ അടിസ്ഥാനമെന്ത്?

9. "പോകാമുണരുവിൻ കൂട്ടുകാരേ, <u>കാടിന്റെ ഗീതവു</u>മായി നീങ്ങാം
നാട്ടിലും വീട്ടിലും പള്ളിക്കൂടത്തിലും - <u>കാടിന്റെ ഗീതവു</u>മായിച്ചെല്ലാം."
(തേൻകനി)

അടിവരയിട്ട പ്രയോഗം ധ്വനിപ്പിക്കുന്നതെന്ത്? രണ്ടു സൂചനകൾ എഴുതുക.

10. "ആരോടുമില്ലാ വഴക്കെന്നു പുഞ്ചിരി -
ച്ചാരോടും കൂടി നടന്ന കാലം" (പുതുവർഷം)
വരികളിൽ സൂചിതമാകുന്ന കാലത്തിന്റെ രണ്ടു സവിശേഷതകൾ എഴുതുക.



exam WiNNER

**പതിനൊന്നു മുതൽ പതിനഞ്ചുവരെ ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം വീതം)** **(4x4=16)**

11. "ആ കുടിലിലെ ജീവിതച്ചൂടു വീശിത്തണുപ്പിച്ചുകൊണ്ടിരുന്ന മരതകക്കാറ്റാടികളായിരുന്നു അവ." (ആ വാഴവെട്ട്)

മർക്കോസിന്റെ ജീവിതാവസ്ഥകൾ സൂചിപ്പിക്കാൻ ഈ പ്രസ്താവനയ്ക്ക് എത്രമാത്രം കഴിയുന്നുണ്ട്? വിശകലനം ചെയ്യുക.

12. 'രണ്ടു മൽസ്യങ്ങൾ' എന്ന കഥയിൽ 'തവള' എന്ന കഥാപാത്രം വഹിക്കുന്ന പങ്കെന്ത്? കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

13. "ഞാനതു കേട്ട ഭാവം നടിച്ചില്ല. ഞാൻ എന്റെ വരയൻകുപ്പായവും സദ്യക്കുശേഷം കിട്ടിയ ചെറുനാരങ്ങയുമായി അമ്മയുടെ പിന്നാലെ നടന്നു."
(കുപ്പായം)

പടിപടിയായി ഉയർന്നുവന്ന ആത്മവിശ്വാസത്തിന്റെ കഥകൂടിയാണോ കുപ്പായം എന്ന ഓർമ്മക്കുറിപ്പ്? സ്വാഭിപ്രായം എഴുതുക.

14. "ഒന്നൊടൊന്നു ചേരുമ്പോൾ
രണ്ടാകുമെന്നേ ഞായം,.
ഹിന്ദുവും മുസൽമാനും
ആചരിപ്പതീ ദ്വൈതം" (ബഷീർ എന്ന ബല്യ ഒന്ന്)

"ഒന്നും ഒന്നും ചേർന്നാൽ ഇമ്മിണി ബല്യൊന്ന്" (ബാല്യകാലസഖി)
വരികളിലെ ആശയം താരതമ്യം ചെയ്ത് ബഷീറിന്റെ ജീവിതവീക്ഷണത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

15. 'നനയാത്ത മഴ' എന്ന ശീർഷകം പ്രിയ എ.എസിന്റെ മഴയനുഭവങ്ങളെ കൂടുതൽ തീവ്രമാക്കുന്നുണ്ട്. പാഠസന്ദർഭങ്ങളെ അടിസ്ഥാനമാക്കി പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

**പതിനാറു മുതൽ പതിനെട്ടുവരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. (ഒരു പുറം വീതം)** (2x6=12)

16. രോഗാതുരവും വിഷാദാത്മകവുമായ ബാല്യത്തിലെ മഴക്കാലാനുഭവമാണ് പ്രിയ എ.എസിന്റെ 'നനയാത്ത മഴ'. താഴെ കൊടുത്ത സൂചനകൾകൂടി പ്രയോജനപ്പെടുത്തി ഈ ഓർമ്മക്കുറിപ്പിന് ആസ്വാദനം തയാറാക്കുക.

- വിരുന്നു വരുന്ന മഴബന്ധു
- മഴയും ഓണപ്പൂക്കളവും
- പാതി മഴയുടേയും പാതി അസുഖങ്ങളുടേതുമാകുന്ന എഴുത്തുകാരി.
- കൺനിറയെ കണ്ട കണ്ണീർമഴ.


exam WiNNER®

17. "എനിക്ക് വൃക്ഷങ്ങളെയും ചെടികളെയുമൊക്കെ വലിയ ഇഷ്ടമാണ്. ഓരോ വൃക്ഷത്തെയും ഓരോ ചെടിയെയും ഞാൻ സ്നേഹിക്കുന്നു. ഞാൻ വർത്ത മാനം പറഞ്ഞാൽ ചെടികൾക്കും വൃക്ഷങ്ങൾക്കും മനസ്സിലാകും എന്നുവരെ എനിക്ക് തോന്നീട്ടുണ്ട്."

"ഞാൻ ആർക്കും ഉപദ്രവമൊന്നും ചെയ്യാറില്ല..... ഞങ്ങൾ ഞങ്ങളുടെ പറമ്പി ലുള്ള ഒരു ജീവിയെയും കൊല്ലാറില്ല."

(ബഷീറിന്റെ കാഴ്ചകൾ - വൈക്കം മുഹമ്മദ് ബഷീർ)

തന്നിട്ടുള്ള പ്രസ്താവനകളും 'ബഷീർ എന്ന ബല്യ ഒന്ന്' എന്ന കവിതയിലെ ആശയവും പ്രയോജനപ്പെടുത്തി 'വൈക്കം മുഹമ്മദ് ബഷീർ ജന്മദിനപ്പതിപ്പി'ന് ആമുഖക്കുറിപ്പ് തയാറാക്കുക.

18. "പാടുപെട്ടു ജോലിചെയ്യാതെ നീ എടുത്താൽ... മാമ്പഴം ഉടൻ കല്ല്."

"അഴുക്കിലൂടെ നീന്തിക്കയറണം. അതു പുരളാതെ സൂക്ഷിക്കണം."

"ഇനി മാമ്പഴം. ഇതു തേൻകനി. വിയർപ്പിൻ കനി..!"

(തേൻകനി)

തന്നിരിക്കുന്ന സൂചനകളും നാടകത്തിലെ മറ്റു സന്ദർഭങ്ങളും പരിഗണിച്ച് 'വന ഗായകൻ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

exam WiNNER®